LIBRARY ARCHIVES Kerala Legislative Assembly

പുനലൂർ മണ്ഡലത്തിൽ വട്ടമൺ പാലത്തിന് സമീപമുള്ള സ്ഥലം

343 (1401) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ഉള്ള വട്ടമൺ പാലത്തിനു സമീപം പൊതുമരാമത്ത് വകുപ്പിന് എത്ര സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് അക്വയർ ചെയ്ത പ്രസ്തുത സ്ഥലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലം നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ അല്ലാത്ത പക്ഷം ആയത് തിരികെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏകദേശം തൊണ്ണൂറ് സെന്റ് സ്ഥലം ഉണ്ട്. അനധികൃത കൂടിയേറ്റങ്ങൾ ഉള്ളത് ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരിയിലെ നഗര റോഡ് വികസന പദ്ധതി

344 (1402) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത ഓരോ റോഡുകളുടെയും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ഓരോ പ്രവർത്തിക്കുമായി എത്ര തുക നീക്കിവച്ചെന്നും, ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽപ്പെട്ട റോഡുകളൊന്നും നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.